LIBRARY ARCHIVES Kerala Legislative Assembly

എൻ.ആർ.എച്ച്.എം. ഫണ്ട്

15 (680) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൻ.ആർ.എച്ച്.എം. ഫണ്ട് ഉപയോഗിച്ച് കൊല്ലം ജില്ലയിൽ ഏറ്റെടുത്ത് നടപ്പിലാക്കിയ പദ്ധതികളും പരിപാടികളും ഏതൊക്കെയെന്ന് വ്യക്തമാക്കുമോ ;

(ബി) 2011-12, 2012-13, 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിൽ ജില്ലയിൽ ഇതിനായി ചെലവഴിക്കപ്പെട്ട തുക പദ്ധതി അടിസ്ഥാനത്തിൽ വർഷം തിരിച്ച് ലഭ്യമാക്കുമോ ;

(സി) ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യ കേന്ദ്രങ്ങൾക്കും ഉപകേന്ദ്രങ്ങൾക്കും കെട്ടിടവും മറ്റ് ഭൗതിക സാഹചര്യങ്ങളും ഏർപ്പെടുത്തുന്നതിന് പ്രസ്തുത ഫണ്ട് വിനിയോഗിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇത്തരം പ്രവർത്തികൾക്ക് പ്രസ്തുത ഫണ്ട് വിനിയോഗിക്കുവാൻ സാധിക്കുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) എൻ.ആർ.എച്ച്.എം. ഫണ്ട് ഉപയോഗിച്ച് കൊല്ലം ജില്ലയിൽ ഏറ്റെടുത്ത് നടപ്പിലാക്കിയ പദ്ധതികളും പരിപാടികളും അനുബന്ധം 1 ആയി ചേർക്കുന്നു.*

(ബി) 2011-12, 2012-13, 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിൽ ജില്ലയിൽ ഇതിനായി ചെലവാക്കപ്പെട്ട തുക പദ്ധതി അടിസ്ഥാനത്തിൽ വർഷം തിരിച്ച് അനുബന്ധം 2 ആയി ചേർക്കുന്നു.*

(സി) ഉണ്ട്.

പകൽസമയ മാനസിക ആരോഗ്യ പരിപാലന കേന്ദ്രങ്ങൾ

16.(681) ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാനസികാരോഗ്യ പദ്ധതിയുടെ ഭാഗമായ പകൽ സമയ മാനസികാരോഗ്യ പരിപാലന കേന്ദ്രങ്ങളുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഏതെല്ലാം ജില്ലകളിൽ പകൽ സമയ മാനസികാരോഗ്യ പരിപാലന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും എന്തെല്ലാം സേവനങ്ങളാണ് പ്രസ്തുത കേന്ദ്രങ്ങളിൽ ലഭ്യമാക്കുന്നതെന്നും വ്യക്തമാക്കുമോ ;

(സി) എല്ലാ ജില്ലകളിലും പ്രസ്തുത പദ്ധതി ആരംഭിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) രോഗവിമുക്തി നേടിയവരും എന്നാൽ വീടുകളിൽ പകൽസമയത്ത് പരിചരിക്കാൻ ആളുകൾ ഇല്ലാത്തവരുമായ മനോരോഗികളെ അവരുടെ വീട്ടിൽ ചെന്ന് പകൽ വീടുകളിൽ എത്തിച്ച് പകൽ സമയത്ത് പരിചരിക്കുന്നതിനുള്ള സംവിധാനമാണ് സമഗ്ര മാനസികാരോഗ്യ പരിപാടിയുടെ ഭാഗമായി ആരംഭിക്കുന്ന പകൽ വീടുകൾകൊണ്ട് പ്രധാനമായും ഉദ്ദേശിക്കുന്നത്. ഇതുവഴി മനോരോഗികളെ അവരുടെ സാമൂഹിക ചുറ്റുപാടുകളിൽതന്നെ പുനരധിവസിപ്പിക്കാനാകുമെന്ന് കരുതുന്നു. താഴെപ്പറയുന്ന പ്രവർത്തനങ്ങൾക്ക് ഇത്തരം പകൽ വീടുകൾ ഊന്നൽ നൽകുന്നു:

1. മെച്ചപ്പെട്ട സാമൂഹിക ജീവിതം സാദ്ധ്യമാക്കുന്നതിലേക്കായി മനോരോഗികളുടെ വ്യക്തിത്വ വികസനത്തിനാവശ്യമായ കഴിവുകൾ മെച്ചപ്പെടുത്തുന്നതിനും തൊഴിൽപരമായ പരിശീലനം നൽകുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടത്തുക.

2. തങ്ങളുടെ രോഗാവസ്ഥയെപ്പറ്റിയുള്ള മെച്ചപ്പെട്ട അവബോധം നൽകി അവരെ തുടർ ചികിത്സയുമായി കൂടുതൽ സഹകരിപ്പിക്കുക.

3. രോഗികളുടെ വിനോദത്തിനും വിജ്ഞാനത്തിനുമാവശ്യമായ ഉപാധികൾ പ്രദാനം ചെയ്യുക.

4. വ്യായാമം, ആരോഗ്യകരമായ ആഹാരശീലങ്ങൾ എന്നിവയുടെ ആവശ്യകത സംബന്ധിച്ച അവബോധം നൽകി മെച്ചപ്പെട്ട ജീവിത ശൈലി സ്വായത്തമാക്കാൻ രോഗികളെ സഹായിക്കുക.

5. മനോരോഗികളുടെ കുടുംബാംഗങ്ങൾക്കാവശ്യമായ കൗൺസിലിംഗും മറ്റ് സഹായങ്ങളും നൽകുക.

6. സുരക്ഷിതമായ പരിതസ്ഥിതികളിൽ തൊഴിൽ സൗകര്യം ലഭ്യമാക്കുക.

(ബി&സി) ഇടുക്കി ഒഴികെയുള്ള എല്ലാ ജില്ലകളിലും പകൽ വീടുകൾ ഇതിനകം തുടങ്ങിയിട്ടുണ്ട്. ഇടുക്കി ജില്ലയിൽ പുരുഷൻമാർക്കും സ്ത്രീകൾക്കുമായി

LIBRARY ARCHIVES Kerala Legislative Assembly

ഓരോ പകൽ വീടുകൾ ആരംഭിക്കുന്നതിനുള്ള സെന്റർ കണ്ടെത്തുകയും സ്റ്റാഫുകളെ റിക്രൂട്ട് ചെയ്യുകയും ചെയ്തിട്ടുണ്ട്. ഈ മാസം ഇതിന്റെ പ്രവർത്തനമാരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. താഴെപ്പറയുന്ന സൗകര്യങ്ങളാണ് പകൽ വീടുകളിൽ ലഭ്യമാക്കിയിട്ടുള്ളത്.

1. വീടുകളിൽനിന്നും പകൽവീടുകളിലേയ്ക്കും തിരിച്ചുമുള്ള യാത്രാസൗകര്യം.
2. തൊഴിൽ പരിശീലനത്തിനുള്ള സൗകര്യങ്ങൾ
3. വിനോദത്തിനും വിജ്ഞാനത്തിനുമുള്ള സൗകര്യങ്ങൾ
4. ഭക്ഷണം പാകം ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ
5. സാമ്പത്തികമായ നേട്ടങ്ങൾ ലഭിക്കുന്ന ചെറിയ ചെറിയ തൊഴിലുകൾ ചെയ്യുന്നതിനായുള്ള സംരക്ഷീത തൊഴിൽശാലകൾ
6. വ്യായാമത്തിനുള്ള സൗകര്യങ്ങൾ
7. രോഗികൾക്കും ബന്ധുക്കൾക്കും കൗൺസിലിംഗ്
8. സാമൂഹിക ചുറ്റുപാടുകളിലുള്ള രോഗികളുടെ പുനരധിവാസം ലക്ഷ്യമിടുന്ന പരിശീലനം, സഹായം എന്നിവ.

കരൾമാറ്റ ശസ്ത്രക്രിയ

17 (682) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. പാലോട് രവി :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ മെഡിക്കൽ കോളേജുകളിൽ കരൾമാറ്റ ശസ്ത്രക്രിയ ആരംഭിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(ബി) ഏതെല്ലാം മെഡിക്കൽ കോളേജുകളിലാണ് കരൾമാറ്റ ശസ്ത്രക്രിയ ചെയ്യുവാൻ നിലവിൽ സൗകര്യമുള്ളത് ;

(സി) എത്ര രോഗികൾ കരൾമാറ്റ ശസ്ത്രക്രിയക്കായി രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ഡി) കരൾമാറ്റ ശസ്ത്രക്രിയ എല്ലാ മെഡിക്കൽ കോളേജുകളിലും ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly